ആലോചിക്കണം. തല്ക്കാലം അവർക്ക് അധികാരമില്ലെങ്കിലും, ഒരവസരം വരുമ്പോൾ ജനങ്ങൾക്ക വഴികാട്ടാൻ അവർക്ക സാധിച്ചേക്കും.

ആ നിലയിൽ, ധീരമായി കാര്യങ്ങൾ തുറന്നുപറഞ്ഞതിലും, ഇന്ത്യയിൽ നമുക്ക പരിചിതമായ ബ്രിട്ടീഷ് സമ്പ്രദായങ്ങളിൽനിന്നു പല വിധത്തിലും വ്യത്യസ്തങ്ങളായ ചില വികല്പങ്ങൾ ചൂണ്ടിക്കാണിച്ചതിലും ശ്രീ നെഹ്റു അഭിനന്ദനം അർഹിക്കുന്നു. നമ്മുടെ സമൂഹം രോഗബാധിതമാണ്, അഴിമതിയാണ് ആ രോഗം. അതിന്റെ ശരിയായ നിദാനം ശ്രീ നെഹ്റു സത്യസന്ധതയോടെ ചൂണ്ടിക്കാണിച്ചിരിക്കുന്നു. അദ്ദേഹം നിർദേശിച്ച ചികിത്സ സ്വീകാര്യമല്ലെങ്കിൽ, സ്വീകാര്യമായ ചികിത്സ ഏതെന്ന് ആലോചിക്കേണ്ട ഉത്തരവാദിത്തം നമ്മളിൽ ഓരോരുത്തനുമുണ്ട്.

25 ഡിസംബർ, 1981

# 31. അഴിമതിയെപ്പററി വീണ്ടും

മാരകമായ ക്യാൻസർ രോഗംപോലെ ഇന്ത്യൻ സമൂഹത്തെ കാർന്നുതിന്നുകൊണ്ടിരിക്കുന്ന അഴിമതിയുടെ കാരണങ്ങൾ അപഗ്രഥിച്ചുകൊണ്ടും പ്രതിവിധികൾ നിർദേശിച്ചുകൊണ്ടും അത്യന്തം ശ്രദ്ധേയമായ ഒരു പ്രസംഗം കഴിഞ്ഞ ഡിസംബർ 22–ാം തീയതി മദ്രാസിൽവെച്ച് ശ്രീ ബി. കെ. നെഹ്റു ചെയ്യുകയുണ്ടായി. ഒരു തലമുറ മുമ്പുവരെ 'സത്യസന്ധരുടെ രാഷ്ട്രം' ആയിരുന്ന ഇന്ത്യ സ്വാതന്ത്ര്യലബ്ധിക്കു ശേഷം 'കള്ളന്മാരുടെ രാഷ്ട്രം' ആയി മാറിയിരിക്കുകയാണെന്നും, ഈ ദുരവസ്ഥയുടെ മൂലകാരണം നാം അംഗീകരിച്ചിട്ടുള്ള ഭരണസമ്പ്രദായമാണെന്നും ഈ പ്രസംഗത്തിൽ ശ്രീ നെഹ്റു ചൂണ്ടിക്കാണിച്ചിരുന്നു. 'തങ്ങളിൽ നിക്ഷിപ്തമായ അധികാരം ദുരുപയോഗപ്പെടുത്തി, അന്യായമായ ആനുകൂല്യങ്ങൾ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ നല്കുന്നതിനു പ്രതിഫലമായി, നിയമസഭാംഗങ്ങൾ (മന്ത്രിമാരടക്കം) വാങ്ങുന്ന കോഴയാണ് ഇന്ത്യൻ ജനാധിപത്യത്തിന്റെയും ഇന്ത്യൻ അഴിമതിയുടെയും ഉറവിടം' എന്ന് ശ്രീ നെഹ്റു തുറന്നു പ്രസ്താവിച്ചു. അഴിമതിയുടെ ഉറവിടങ്ങൾ എന്നെന്നേക്കുമായി അടച്ചുകളയുന്നതിനായി ഇന്നത്തെ ഭരണസമ്പ്രദായത്തിൽ വരുത്തേണ്ട മൗലികങ്ങളായ ചില മാററങ്ങൾ അദ്ദേഹം നിർദേശിക്കുകയും ചെയ്തു.

1982 ജനവരി 17–ാം തീയതിയിലെ 'കുങ്കുമ'ത്തിൽ ചേർത്ത 'അഴിമതിയുടെ വേരുകൾ' എന്ന മുഖപ്രസംഗത്തിൽ ശ്രീ നെഹ്റുവിന്റെ നിർദേശങ്ങൾ സംക്ഷേപിച്ചു പ്രതിപാദിച്ചിരുന്നു. ജമ്മു-കാശ്മീർ സ്റ്റേററിലെ ഗവർണർ ആണ് ശ്രീ നെഹ്റു. അദ്ദേഹത്തിന്റെ പ്രസംഗം, അതു നടന്നതിന്റെ പിറേറന്നുതന്നെ, രാജ്യസഭയിൽ പരാമർശിക്കപ്പെട്ടു. മന്ത്രിമാരും എം. പി. മാരും അഴിമതിക്കാരാണെന്ന് ഈ പ്രസംഗത്തിൽ ശ്രീ നെഹ്റു പ്രസ്താവിച്ചിരിക്കുകയാൽ, ഒന്നുകിൽ കേന്ദ്ര മന്ത്രിസഭ രാജിവെക്കുകയോ, അല്ലെങ്കിൽ ശ്രീ നെഹ്റുവിനെ ഗവർണർസ്ഥാനത്തുനിന്ന് പിരിച്ചുവിടുകയോ ചെയ്യണമെന്ന് ഒരു എം. പി. ആവശ്യപ്പെട്ടു. പക്ഷേ, ഈ വിഷയത്തെപ്പററി ഒരു ചർച്ച അന്ന് അദ്ധ്യക്ഷൻ അനുവദിക്കുകയുണ്ടായില്ല.

ആ കുറവ് ഇപ്പോൾ പരിഹരിക്കപ്പെട്ടിരിക്കുന്നു. അഴിമതിയെപ്പററി മെയ് 6–ാം തീയതി രാജ്യസഭ മൂന്നു മണിക്കൂർ നീണ്ട ഒരു ചർച്ച നടത്തുകയുണ്ടായി. 'ആത്മവിമർശനത്തിന്റേതായ ഒരു ഹ്രസ്വനിമിഷത്തിൽ

പാർട്ടിപരിഗണനകരം വിസ്മരിച്ചുകൊണ്ട് അംഗങ്ങരം, രാജ്യത്തിൻെറ ആത്മവീര്യം കെടുത്തുകയും സത്യസന്ധനായ പൗരൻെറ ജീവിതം ക്ലേശഭൂയിഷ്ഠമാക്കുകയും ചെയ്യുന്ന അഴിമതിയുടെ വളർന്നുവരുന്ന 'തിന്മയ്ക്കെതിരെ അഗാധമായ ആശങ്ക രേഖപ്പെടുത്തി' എന്നാണ് ഈ ചർച്ചയെപ്പററി 'ഹിന്ദു' (7 മെയ്) പ്രസ്താവിച്ചത്.

ഈ വിവരണത്തെ, പക്ഷേ, ഹിന്ദുവിൽത്തന്നെ ചേർത്തിട്ടുള്ള റിപ്പോർട്ട് സാധൂകരിക്കുന്നില്ല; അംഗങ്ങരം പാർട്ടിപരിഗണനകരം വിസ്മരിക്കുകയുണ്ടായില്ല. പാർട്ടിനിലപാടുകളിൽത്തന്നെ ഉറച്ചു നില്ക്കുകയേ ഉണ്ടായുള്ളു എന്നാണ് ആ റിപ്പോർട്ടിൽനിന്നു മനസ്സിലാവുന്നത്. ചർച്ച ആരംഭിച്ച ജനതാപാർടിയിലെ ശ്രീ പീലുമോഡി, രാഷ്ട്രീയശക്തികരം അഴിമതികരം തമ്മിലുള്ള ബന്ധത്തെപ്പററി ഊന്നിപ്പറഞ്ഞു. അഴിമതിയുടെ കാര്യത്തിൽ എല്ലാ രാഷ്ട്രീയകക്ഷികളും ഒരുപോലെ കുററക്കാരാണെന്നാണ് ശ്രീ മോഡിയുടെ അഭിപ്രായം. ഇന്ത്യയിൽ അഴിമതി ഒരു ജീവിതസമ്പ്രദായമായിത്തീർന്നിരിക്കുന്നു. എന്നിട്ടും അതിനെപ്പററി ചർച്ച ചെയ്യാൻ ആർക്കും താല്പര്യമില്ല. അസഹ്യമായ ഒരു സ്ഥിതിയാണിതെന്ന് അദ്ദേഹം കരുതുന്നു. കള്ളക്കടത്തുകാർക്കും പൂഴ്ത്തിവെപ്പുകാർക്കും കരിഞ്ചന്തക്കാർക്കും സമൂഹത്തിൽ അന്തസ്സു കൈവന്നിരിക്കുന്നു. എല്ലാ അഴിമതികളും ഉത്ഭവിക്കുന്നത് രാഷ്ട്രീയമായ അഴിമതിയിൽനിന്നാണെന്നത്രേ ശ്രീ മോഡിയുടെ അഭിപ്രായം.

ഇന്ത്യയിൽ അഴിമതിയുണ്ടെങ്കിലും, അതിൻെറ സ്രോതസ്സ് സി. ഐ. എ., കെ ജി. ബി മുതലായ വിദേശ ഏജൻസികളാണെന്ന് ഒരു കോൺഗ്രസ് (ഐ) അംഗമായ ശ്രീ പി. എൻ. സുകുൽ പ്രസ്താവിച്ചപ്പോരം മാർക്സിസ്റ്റ് പാർട്ടിയിലെ ശ്രീ പി രാമമൂർത്തി പറഞ്ഞത്, ഇന്ത്യയിൽ അഴിമതിയുടെ മുഖ്യപ്രഭവം പൊതുമേഖലാസ്ഥാപനങ്ങളാണെന്നാണ്. 'അഴിമതി തടയാൻ ശ്രീമതി ഇന്ദിരാഗാന്ധിക്കേ കഴിയൂ. പക്ഷേ, അങ്ങനെ ചെയ്യാൻ മുഖസ്തുതിക്കാർ ശ്രീമതി ഗാന്ധിയെ അനുവദിക്കില്ല' എന്നാണ് കോൺഗ്രസ് (എസ്) അംഗമായ ശ്രീ എ. ജി. കൽകർണി പ്രസ്താവിച്ചത്. തങ്ങരം സദാചാരം പുലർത്തുമെന്ന് പാർട്ടി നേതാക്കരം പ്രതിജ്ഞ ചെയ്യണമെന്ന് ഒരംഗം ആവശ്യപ്പെട്ടു. എല്ലാ പാർട്ടിക്കാരും അഴിമതിക്കെതിരാണെന്നതിൽ മറെറാരംഗം ആശ്വാസം കൊണ്ടു.

ഗവണ്മെൻറിനെ പ്രതിനിധാനം ചെയ്തു സംസാരിച്ച ശ്രീ പ്രണവ് മുക്കർജി, ഇന്ത്യയിൽ അത്രയൊന്നും അഴിമതിയില്ലെന്ന അഭിപ്രായക്കാരനായിരുന്നു. എം. പി. മാർക്കും എം എൽ. എ. മാർക്കും ഇടയിൽ അഴിമതിക്കാരെന്നു പറയാവുന്നവർതന്നെ ചെറിയ ഒരു ന്യൂനപക്ഷം മാത്രമാണ് എന്ന് ശ്രീ മുക്കർജി പറഞ്ഞു. നമ്മുടെ ജനാധിപത്യത്തിനു പ്രായപൂർത്തി വന്നിരിക്കുന്നു. അഴിമതി തടയാൻ പല മാർഗങ്ങളും ജനാധിപത്യവ്യവസ്ഥയിൽ നാം ഉരംക്കൊള്ളിച്ചിട്ടുണ്ട്. കൂട്ടായ പ്രവർത്തനംകൊണ്ട് അഴിമതി അങ്ങേയററം ചുരുക്കിക്കൊണ്ടുവരാൻ കഴിയും. സ്വയം തൃപ്തമായ ഈ മനോഭാവമാണ് അഴിമതിയെപ്പററി ഗവർണ്മെൻറിനുള്ളതെന്ന് ധനകാര്യമന്ത്രിയുടെ പ്രസംഗം വെളിപ്പെടുത്തി.

ചുരുക്കത്തിൽ, രാജ്യസഭയിലെ സാമാന്യം നീണ്ട ചർച്ചയ്ക്കുശേഷവും, അഴിമതിയുടെ കാര്യത്തിൽ നാം മുമ്പെവിടെയായിരുന്നുവോ അവിടെത്തന്നെ നില്ക്കുന്നതേയുള്ളു. അഴിമതിയുടെ മൂലകാരണങ്ങളെപ്പററി ചിന്തിക്കുകയോ അവയ്ക്ക് എന്തെങ്കിലും പ്രതിവിധി തേടുകയോ ചെയ്യാൻ സമയമായെന്ന് കേന്ദ്രസർക്കാർ കരുതുന്നില്ല. ഇന്നത്തെ വ്യവസ്ഥയിൽ കേന്ദ്രസർക്കാർ തികച്ചും സന്തുഷ്ടമാണ്! എതിർപക്ഷത്തിരിക്കുന്ന പാർട്ടികരംക്കും അഴിമതി ഗൗരവമുള്ള ഒരു പ്രശ്നമാണെന്ന് ഇനിയും ബോധമുദിച്ചതായി കാണുന്നില്ല.

ഈ പശ്ചാത്തലത്തിൽ, നമ്മുടെ അയൽരാജ്യമായ പാകിസ്ഥാൻ അഴിമതി നിരോധിക്കുന്നതിനു കൈക്കൊണ്ടുവരുന്ന ചില നടപടികളെപ്പററി അറിഞ്ഞിരിക്കുന്നതു് പ്രയോജനകരമാവും. പട്ടാളഭരണത്തിൻകീഴിലുള്ള പാകിസ്ഥാനിൽ പാർലമെൻറ്ഇല്ല; ഉള്ളതു് പ്രസിഡണ്ട് നോമിനേററു ചെയ്ത 'മജ്‌ലിസ്-ഇ-ഷൂര' എന്ന ഉപദേശകസമിതിയാണു്. 'ഓംബുഡ്‌സ്‌മാൻ' എന്ന അഴിമതിനിരോധ സംവിധാനം പാകിസ്ഥാനിൽ ഏർപ്പെടുത്തുവാൻ ഏപ്രിൽ ആദ്യവാരത്തിൽ മജ്‌ലിസ് ശുപാർശ ചെയ്യുകയുണ്ടായി. സർക്കാർ വകുപ്പുകളിലും സർക്കാർ നിയമിക്കുന്ന മററു സ്ഥാപനങ്ങളിലും ദുർഭരണവും അഴിമതികളും തടയുകയും സാധാരണ പൗരനു നീതി ലഭിക്കുമെന്നു് ഉറപ്പു വരുത്തുകയുമാണു് 'ഓംബുഡ്‌സ്മാൻ' എന്ന സ്ഥാപനം ഏർപ്പെടുത്തുന്നതിൻെറ ഉദ്ദേശ്യം. കേന്ദ്രഗവണ്മെൻറ് നിയമിക്കുന്ന 'ഓംബുഡ്‌സ്മാൻ' എന്ന ഉദ്യോഗസ്ഥൻ അഴിമതിക്കു വിധേയരായ പൗരന്മാരുടെ ആവലാതികൾ പരിഗണിച്ചു തീർപ്പു കല്പിക്കും. വ്യക്തികളോടു് സർക്കാർ അനീതി പ്രവർത്തിച്ചാൽ, ആ അനീതിയെപ്പററി സ്വമേധയാ അന്വേഷിക്കാനും, അതിൻെറ കാരണം കണ്ടുപിടിക്കാനും, അതു പരിഹരിക്കാനും, അത്തരം അനീതി ഭാവിയിൽ വരാതെനോക്കാനും വേണ്ടതു ചെയ്യാൻ ഓംബുഡ്‌സ്മാനു് അധികാരമുണ്ടാവും. ഏതെങ്കിലും സർക്കാർ നടപടികൾമൂലം ഒരു പൗരനു നഷ്ടമുണ്ടായാൽ അതു നികത്തിക്കൊടുക്കാനും ഓംബുഡ്‌സ്മാനു് ബാധ്യത ഉണ്ടായിരിക്കും.

സർക്കാർ ചെയ്യുന്ന അതിക്രമങ്ങളെപ്പററി അന്വേഷിച്ചു പരിഹാരമുണ്ടാക്കാനായി ഓംബുഡ്‌സ്മാനെ ആദ്യമായി നിയമിച്ചതു് സ്വീഡനിലാണു്, ഈ ശതാബ്ദത്തിൻെറ ആദ്യദശകത്തിൽ. ഇപ്പോൾ ഫിൻലാൻഡ്, ഡെന്മാർക്ക്, നോർവെ എന്നീ രാജ്യങ്ങളിൽക്കൂടി ഓംബുഡ്‌സ്മാൻ പ്രവർത്തിച്ചുവരുന്നു. ബ്രിട്ടനിലെ പാർലമെൻററി കമ്മീഷണർമാർ നിർവഹിക്കുന്നതും ഏറെക്കുറെ ഓംബുഡ്‌സ്മാൻെറ ചുമതലതന്നെയാണു്. ഫ്രാൻസിൽ സർക്കാരിൻെറ അത്യാചാരങ്ങൾ തടയാൻ അഡ്മിനിസ്ട്രേററീവ് കോടതികളുണ്ടു്.

ദുർഭരണം, അഴിമതി എന്നിവയ്ക്കെതിരെ പൗരന്മാരുടെ ആവലാതികൾ പരിഗണിക്കാൻ നിഷ്പക്ഷവും സ്വതന്ത്രവുമായ ഒരു സംവിധാനം ഉണ്ടാക്കേണ്ട കാര്യം 1962 മുതൽ പാകിസ്ഥാനിൽ ആലോചിക്കപ്പെട്ടുവന്നിരുന്നു. പക്ഷേ, ഇതു സംബന്ധിച്ചു് നടപടിയൊന്നും ഉണ്ടായില്ല. പ്രസിഡണ്ടു് ജനറൽ സിയാ ഉൾഹക്ക് കഴിഞ്ഞ ആണ്ടിൽ ഒരു റേഡിയോ പ്രക്ഷേപണത്തിൽ ഈ പ്രശ്നം വീണ്ടും ഉന്നയിച്ചു. ഓംബുഡ്‌സ്മാനെ നിയമിക്കുന്നതു സംബന്ധിച്ച നിയമത്തിൻെറ കരടു് പിന്നീടു് അഭിപ്രായവിനിമയത്തിനായി പ്രസിദ്ധീകരിക്കപ്പെട്ടു. ഈ ആണ്ടിൽ മജ്‌ലിസ്-ഇ-ഷൂര ഈ കരടു ചർച്ചയ്ക്കെടുത്തു. അവർ ഭേദപ്പെടുത്തിയ രൂപത്തിൽ ഈ രേഖ ഇപ്പോൾ പ്രസിഡണ്ടിൻെറ പരിഗണനയിൽ ഇരിക്കുകയാണു്. അദ്ദേഹം ഒപ്പുവെച്ചാൽ ഈ കരടു് നിയമമാവും.

പല കാര്യങ്ങളിലും സുപ്രീംകോടതിക്കു തുല്യമായ അധികാരങ്ങൾ ഓംബുഡ്‌സ്മാനു് പാകിസ്ഥാനിലെ കരടുനിയമം നൽകുന്നു. ജനാധിപത്യവ്യവസ്ഥിതിയിൽ ഓംബുഡ്‌സ്മാനെ നിയമിക്കുന്നതു് പാർലമെൻറാണു്. ഒരിക്കൽ നിയമിക്കപ്പെട്ടുകഴിഞ്ഞാൽ, തൻെറ കാലാവധി (സാധാരണ അഞ്ചു വർഷമാണു്) കഴിയുംവരെ പാർലമെൻറിനോടു് ഉത്തരവാദപ്പെട്ടും എന്നാൽ, അതിൻെറ നിയന്ത്രണത്തിനുപോലും വിധേയനാവാതെയും ഓംബുഡ്‌സ്മാൻ പ്രവർത്തിക്കാം. പാകിസ്ഥാനിൽ പാർലമെൻറ് ഇല്ലാത്തതിനാൽ ഓംബുഡ്‌സ്മാനെ നിയമിക്കുക പ്രസിഡണ്ടു് ആയിരിക്കും! ഓംബുഡ്‌സ്മാൻെറ ഉത്തരവാദിത്വവും പ്രസിഡണ്ടിനോടു് ആയിരിക്കും.

കോടതികളെപ്പോലെ, മുമ്പിൽ വരുന്ന ആവലാതികൾ കേട്ട് തീർപ്പുകൾ കല്പിക്കുക മാത്രമല്ല ഓംബുഡ്സ്മാൻെറ ചുമതല സർക്കാർ വകുപ്പുകളുടെയും പൊതുസ്ഥാപനങ്ങളുടെയും അവയിലെ ഉദ്യോഗസ്ഥന്മാരുടെയും ദുർഭരണം, നിയമലംഘനം, കാലതാമസം, കഴിവുകേട് മുതലായവയെപ്പററി ഓംബുഡ്സ്മാന് സ്വമേധയാ അന്വേഷണം നടത്തുകയും പരിഹാര നടപടികൾ കൈക്കൊള്ളുകയുമാവാം. ഓംബുഡ്സ്മാൻെറ കല്പനകളോ നടപടികളോ കോടതികളിൽ ചോദ്യം ചെയ്യപ്പെടുകയില്ല. ഉദ്യോഗസ്ഥന്മാരുടെ നിസ്സഹകരണവും നടപടിക്രമങ്ങൾ വരുത്തിവെക്കുന്ന താമസവും ഒഴിവാക്കാൻ ഓംബുഡ്സ്മാന് ഒരു സിവിൽ കോടതിയുടെ പദവിയും അധികാരങ്ങളും നല്കപ്പെട്ടിരിക്കുന്നു. അതാത് അധികൃതസ്ഥാപനങ്ങൾ തൻെറ ശുപാർശകൾ നടപ്പിലാക്കാത്ത പക്ഷം, ആ കാര്യത്തിൽ ഇടപെടണമെന്ന് പ്രസിഡണ്ടിനോട് ഓംബുഡ്സ്മാന് ആവശ്യപ്പെടാം.

പാകിസ്ഥാൻ പ്രസിഡണ്ട് ഓംബുഡ്സ്മാനെ നിയമിക്കുമെന്നാണ് വിശ്വസിക്കപ്പെടുന്നത്. പക്ഷേ, എന്ന് ഈ നിയമനം നടക്കും എന്നറിഞ്ഞുകൂടാ. പട്ടാളഭരണത്തിനു കീഴിൽ പാകിസ്ഥാനിലെ ഉദ്യോഗസ്ഥ മേധാവിത്വം സർവശക്തിയാർജിച്ചിരിക്കുകയാണ്. അങ്ങേയററം ദുഷിച്ചിട്ടുമുണ്ട്. ഈ വ്യവസ്ഥിതിയിൽ ഓംബുഡ്സ്മാന് എന്തു ചെയ്യാൻ കഴിയുമെന്ന് ഇപ്പോൾ പ്രവചിക്കാനാവില്ല.

പക്ഷേ, നമ്മെ സംബന്ധിച്ചിടത്തോളം പ്രസക്തമായ സംഗതി, സമൂഹത്തിലെ അഴിമതിയെപ്പററിയുള്ള ബോധവും അതിനു പ്രതിവിധി കാണുന്നതിനുള്ള ആഗ്രഹവും അയൽരാജ്യമായ പാകിസ്ഥാനിൽ മൂർത്തരൂപം കൈക്കൊണ്ടുകഴിഞ്ഞിട്ടുണ്ടെന്നതാണ്. ഇന്ത്യയിലെ സ്ഥിതി നിർഭാഗ്യവശാൽ നേരെ വിപരീതമാകുന്നു. ഇവിടെ അഴിമതിയെപ്പററി സംസാരിക്കുന്നവർപോലും, അതിൽനിന്നു കഴിയാവുന്നത്ര കൂടുതൽ ലാഭം തങ്ങൾക്കുണ്ടാക്കുന്നതിനുള്ള പരിശ്രമത്തിൽ മുഴുകിയിരിക്കുകയാണ്. കേന്ദ്രസർക്കാരാണെങ്കിൽ, ധനകാര്യമന്ത്രിയുടെ രാജ്യസഭാപ്രസംഗത്തിൽനിന്നു വ്യക്തമായതുപോലെ, അഴിമതി അത്രയൊന്നും ഗൗരവമുള്ള ഒരു പ്രശ്നമാണെന്ന് അംഗീകരിക്കാൻപോലും ഇനിയും തയ്യാറായിട്ടില്ല. ആ സ്ഥിതിക്ക് അഴിമതി പരിഹരിക്കുന്നതിന് കാര്യമായ ഏതെങ്കിലും നടപടി ഇന്ത്യയിലെ കേന്ദ്രഗവണ്മെൻറിൽനിന്ന് അടുത്ത കാലത്തൊന്നും നാം പ്രതീക്ഷിക്കേണ്ടതില്ല.

7 മെയ്, 1982

## 32. അഴിമതിയും രാഷ്ട്രീയപ്പാർട്ടികളും

സത്യസന്ധരുടെ രാഷ്ട്രമായിരുന്ന ഇന്ത്യ ഒരു തലമുറക്കാലംകൊണ്ട് കള്ളന്മാരുടെ രാഷ്ട്രമായി മാറിയതിനെപ്പററി ജമ്മു—കാശ്മീർ ഗവർണർ ആയ ശ്രീ ബി. കെ. നെഹ്റു 1981 ഡിസംബറിൽ മദ്രാസിൽ ചെയ്ത ഒരു പ്രസംഗം പരക്കെ ശ്രദ്ധയാകർഷിക്കുകയുണ്ടായി (കുങ്കുമം, ജനവരി 17). ഈ ദുഃസ്ഥിതി പരിഹരിക്കുന്നതിനുള്ള ചില നിർദേശങ്ങളും ശ്രീ നെഹ്റു മുന്നോട്ടു വെച്ചിരുന്നു.

ഭരണതലത്തിലെ അഴിമതിയെപ്പററി മൂന്നു മണിക്കൂർ നീണ്ട ഒരു ചർച്ച 1982 മെയ് 6—ാം തീയതി രാജ്യസഭയിൽ നടന്നു (കുങ്കുമം, ജൂൺ 6). ഇന്ത്യയിൽ അത്രയൊന്നും അഴിമതിയില്ലെന്ന അഭിപ്രായമാണ് ഈ ചർച്ച